# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .156 — 18.03.13-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ

ചോദ്യം — ഉത്തരം

| | ശ്രീ.കെ.ദാസൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഇത് സംബന്ധിച്ച് ഫിഷറീസ് വകുപ്പ് വഴി പഠനങ്ങൾ നടത്തിയിട്ടില്ല. |
| (ബി) | മത്സ്യത്തൊഴിലാളികളുടെ ജീവനോപാധിയായ വലയും മറ്റും കടൽമാക്രികളുടെ ആക്രമണത്തിൽ നശിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | കടൽ മാക്രികളുടെ ആക്രമണത്തിൽ നഷ്ടം സംഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന നഷ്ടപരിഹാരം എന്തെല്ലാം എന്ന് വിശദമാക്കാമോ? | (സി) | കൊല്ലം, ആലപ്പുഴ ജില്ലകളിൽ കടൽമാക്രിയുടെ ആക്രമണത്തിൽ മത്സ്യബന്ധന വല നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി 10 ലക്ഷം രൂപ 2405-00-103-99-34 OC(P) എന്ന ശീർഷകത്തിൽ നിന്ന് ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം കൊല്ലം, ആലപ്പുഴ ജില്ലകളിൽ നിന്നും 1031 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ആദ്യ ഘട്ടമെന്ന നിലയിൽ ആലപ്പുഴ ജില്ലയിൽ നിന്നുള്ള 73 ഗുണഭോക്താക്കൾക്കും കൊല്ലം ജില്ലയിൽ നിന്നുള്ള 127 ഗുണഭോക്താക്കളുടെയും ലിസ്റ്റ് വലവിതരണം നടത്തുന്നതിനായി മത്സ്യഫെഡിന് നൽകിയതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിലെ 73 ഗുണഭോക്താക്കൾക്ക് മത്സ്യഫെഡ് വല വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി മത്സ്യഫെഡിന് 4,99,686 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട് |

| | | | |
|---|---|---|---|
| (ഡി) | മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന വസ്തു തൊഴിൽ നഷ്ടങ്ങൾ പരിഗണിച്ച് ജീവനോപാധിയായ വസ്തുനഷ്ടം വഴി വന്നുചേരുന്ന തൊഴിൽ നഷ്ടവുംകൂടി കണക്കിലെടുത്ത് മതിയായ നഷ്ടപരിഹാരം നൽകാൻ നടപടികൾ ഉണ്ടാവുമോ? | (ഡി) | ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമല്ലാത്ത പ്രശ്നങ്ങളിൽ ഓരോ കേസുകളും പ്രത്യേകമായി പരിഗണിച്ച് നഷ്ടപരിഹാരം നല്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

Jeyasree (signature)

സെക്ഷൻ ഓഫീസർ